LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിൽ 43 പൊതു മേഖലാസ്ഥാപനങ്ങളും ഒരു സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനും നിലവിൽ പ്രവർത്തിക്കുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിൽ പുതുതായി പൊതുമേഖലാ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടില്ല.

(സി) കഴിഞ്ഞ സർക്കാരിന്റെകാലത്ത് വിവിധ പൊതുമേഖലാ സ്ഥാപനങ്ങളുടെ കീഴിൽ ഒമ്പത് യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധം I ആയിചേർക്കുന്നു.*

(ഡി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ (2010-11) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ആഡിറ്റ് പൂർത്തിയായിവരുന്ന മുറയ്ക്കുള്ള കണക്കുകൾ പ്രകാരം 23 സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിച്ചത്. വിശദവിവരം അനുബന്ധം IIആയി ചേർക്കുന്നു.*

2014-15 സാമ്പത്തിക വർഷത്തിൽ ആഡിറ്റിനുമുമ്പുള്ള കണക്കുകൾ പ്രകാരം വ്യവസായവകുപ്പിന്റെ അധീനതയിൽ പതിനാല് പൊതുമേഖലാ സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിച്ചത്. വിശദാംശം അനുബന്ധം IIIആയി ചേർക്കുന്നു.*

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം

235 (580) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) 2011-12 സാമ്പത്തിക വർഷത്തിൽ ലാഭത്തിൽ പ്രവർത്തിച്ചിരുന്നതും നഷ്ടത്തിലായിരുന്നതുമായ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പട്ടിക ലഭ്യമാക്കുമോ ;

(സി) 2013-14 വർഷത്തിൽ ലാഭത്തിൽ പ്രവർത്തിച്ചതും നഷ്ടത്തിലായിരുന്നതുമായ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ പുരോഗതിക്ക് ആവശ്യമായ നയസമീപനങ്ങളും നടപടികളുമാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വീകരിച്ചുവരുന്നത്. പുനരുദ്ധാരണം ആവശ്യമായ പൊതുമേഖലാ സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തനം വിശദമായി പരിശോധിച്ച് മികവുറ്റ ഉൽപ്പാദന സംവിധാനങ്ങളും കാലാനുസൃതമായ സാങ്കേതികവിദ്യ നടപ്പിലാക്കിയും കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനത്തിലൂടെയും ആവശ്യമായ ധനസഹായം നൽകിയും സ്ഥാപനങ്ങളുടെ പുരോഗതി ലക്ഷ്യമിടുന്ന പദ്ധതികളാണ് സർക്കാർ പ്രധാനമായും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏകദേശം 718.50 കോടിരൂപ ഇത്തരത്തിൽ വിവിധ പദ്ധതികൾക്കായി സർക്കാർ ഇതിനകംതന്നെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. ഇതോടൊപ്പംതന്നെ മറ്റു സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഉൽപ്പാദന വിപണനമേഖല വിപുലീകരിക്കുവാൻ ആവശ്യമായ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്.

(ബി) 2011-12 സാമ്പത്തിക വർഷത്തിൽ ലാഭത്തിലും നഷ്ടത്തിലും പ്രവർത്തിച്ച പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവരം അനുബന്ധം I ആയി ചേർക്കുന്നു.*

(സി) 2013-14 സാമ്പത്തിക വർഷത്തിൽ ലാഭത്തിലും നഷ്ടത്തിലും പ്രവർത്തിച്ച പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവരം അനുബന്ധം II ആയി ചേർക്കുന്നു.*

പൊതുമേഖലാ സ്ഥാപനങ്ങളുടെ ആധുനികവൽക്കരണം

236 (581) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമേഖലാ സ്ഥാപനങ്ങൾ വിപുലീകരിക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനുമായി നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) പൊതുമേഖലാ സംരംഭങ്ങളുടെ വികസനവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പഠനം നടത്തി വരുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്